# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 773 — 03.12.2014 -ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച പി.എച്ച്.സി.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. റ്റി. എ. റഹീം : | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ പെരുവയൽ ഗ്രാമപഞ്ചായത്തിൽ പുതുതായി അനുവദിച്ച പി.എച്ച്.സി. ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടത്തിൽ ആരംഭിക്കാത്തത് സംബന്ധിച്ച് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; | (എ) | ആരോഗ്യവകുപ്പിന്റെ അധീനതയിലുള്ള കെട്ടിടത്തിൽ പെരുവയൽ പി.എച്ച്.സി. ആരംഭിക്കാത്തത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടില്ല. പെരുവയൽ ഗ്രാമപഞ്ചായത്തിൽ ആരോഗ്യ വകുപ്പിന്റെ അധീനതയിൽ കെട്ടിടങ്ങളൊന്നും തന്നെ നിലവിലില്ല. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എം.സി.എച്ച്. യൂണിറ്റിന്റെ ഉപകേന്ദ്രങ്ങളാണ് പെരുവയൽ ഗ്രാമ പഞ്ചായത്തിലെ ചെറുകുളത്തൂർ, വെള്ളിപ്പറമ്പ് എന്നിവിടങ്ങളിലുള്ളത്. പെരുവയൽ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിലാണ് പുതുതായി ആരംഭിച്ച പി.എച്ച്.സി. പ്രവർത്തിക്കുന്നത്. |
| (ബി) | എങ്കിൽ എന്ത് നിർദ്ദേശമാണ് ഇക്കാര്യത്തിൽ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ